**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3499** **14-07-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ സർവകലാശാല പരീക്ഷയിൽ പഴയ ചോദ്യപേപ്പർ ആവർത്തിച്ചത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ . സണ്ണി ജോസഫ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ സർവകലാശാലകളിൽ പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് വ്യാപകമായ ക്രമക്കേട് നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കണ്ണൂർ സർവ്വകലാശാലയിൽ പരീക്ഷാ കേന്ദ്രത്തിലേയ്ക്ക് ചോദ്യപേപ്പർ മാറി നൽകിയതും മുൻ വർഷത്തെ ചോദ്യപേപ്പർ ആവർത്തിച്ച് വന്നതുമായ വീഴ്ചകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | കണ്ണൂർ സർവകലാശാല ബി.എസ്.സി. സൈക്കോളജി മൂന്നാം സെമസ്റ്റർ പരീക്ഷയിൽ തുടർച്ചയായി കഴിഞ്ഞ വർഷത്തെ ചോദ്യപേപ്പർ അതേപടി ആവർത്തിച്ചത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കണ്ണൂർ സർവ്വകലാശാലയുടെ മൂന്നാം സെമസ്റ്റർ ബി.എസ്.സി. സൈക്കോളജി പ്രോഗ്രാമിന്റെ (2019 സിലബസ്-നവംബർ 2021 സെഷൻ പരീക്ഷ) 3B05PSY : PSYCHOLOGY OF INDIVIDUAL DIFFERENCES 3C03PSY : NEUROBIOLOGICAL PERSPECTIVE എന്നീ കോഴ്സുകളുടെ ചോദ്യക്കടലാസുകൾ മുൻ തവണത്തേത് അതേപടി ആവർത്തിച്ചതിനാൽ, പുന:പരീക്ഷ നടത്തുകയും, മൂന്നാം സെമസ്റ്റർ ബിരുദ പരീക്ഷയുടെ (നവംബർ 2021 സെഷൻ) ഫലങ്ങളോടൊപ്പം തന്നെ 2022 ജൂലൈ 5-ന് ഫലം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭാവിയിൽ ചോദ്യപേപ്പർ ആവർത്തിക്കുന്നത് ഒഴിവാക്കുന്നതിനായി, 2020 പ്രവേശനം മുതൽ സർവ്വകലാശാല പഠനവകുപ്പുകളിൽ നടപ്പിലാക്കിയ ചോദ്യബാങ്ക്, ഓട്ടോമേറ്റഡ് ചോദ്യപേപ്പർ ജനറേഷൻ & ഓൺലൈൻ ട്രാൻസിഷൻ സംവിധാനം കോളേജ് തലത്തിൽ കൂടി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | ന്യൂറോ ബയോളജിക്കൽ പെർസ്പെക്ടീവ് പേപ്പറിലും സമാനമായ രീതിയിൽ പഴയ ചോദ്യങ്ങൾ അതേപടി ആവർത്തിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കണ്ണൂർ സർവ്വകലാശാലയുടെ മൂന്നാം സെമസ്റ്റർ ബി.എസ്.സി. സൈക്കോളജി പ്രോഗ്രാമിന്റെ (2019 സിലബസ്-നവംബർ 2021 സെഷൻ പരീക്ഷ) 3B05PSY : PSYCHOLOGY OF INDIVIDUAL DIFFERENCES 3C03PSY : NEUROBIOLOGICAL PERSPECTIVE എന്നീ കോഴ്സുകളുടെ ചോദ്യക്കടലാസുകൾ മുൻ |

| | | | |
|---|---|---|---|
| | | | തവണത്തേത് അതേപടി ആവർത്തിച്ചതിനാൽ, പുന:പരീക്ഷ നടത്തുകയും, മൂന്നാം സെമസ്റ്റർ ബിരുദ പരീക്ഷയുടെ (നവംബർ 2021 സെഷൻ) ഫലങ്ങളോടൊപ്പം തന്നെ 2022 ജൂലൈ 5-ന് ഫലം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭാവിയിൽ ചോദ്യപേപ്പർ ആവർത്തിക്കുന്നത് ഒഴിവാക്കുന്നതിനായി, 2020 പ്രവേശനം മുതൽ സർവ്വകലാശാല പഠനവകുപ്പുകളിൽ നടപ്പിലാക്കിയ ചോദ്യബാങ്ക്, ഓട്ടോമേറ്റഡ് ചോദ്യപേപ്പർ ജനറേഷൻ & ഓൺലൈൻ ട്രാൻസിഷൻ സംവിധാനം കോളേജ് തലത്തിൽ കൂടി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | എങ്കിൽ പ്രസ്തുത സംഭവങ്ങളിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ? | (ഡി) | സർവ്വകലാശാലയിൽ പരീക്ഷാ കേന്ദ്രത്തിലേയ്ക്ക് ചോദ്യപേപ്പർ മാറി നൽകിയതും മുൻ വർഷത്തെ ചോദ്യപേപ്പർ ആവർത്തിച്ച് വന്നതുമായ ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണ കമ്മിറ്റികൾ രൂപീകരിച്ച് അന്വേഷണം നടത്തുകയും കമ്മിറ്റി ലഭ്യമാക്കിയ റിപ്പോർട്ടുകൾ വൈസ് ചാൻസലർ സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിക്കുകയും, അന്വേഷണ കമ്മിറ്റിയുടെ കണ്ടെത്തലുകളും തിരുത്തൽ നടപടികളും വൈസ് ചാൻസിലർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ചോദ്യ ക്കടലാസ് തയ്യാറാക്കുന്നതിൽ ചോദ്യകർത്താക്കളുടെ ഭാഗത്ത് കാര്യക്ഷമതയില്ലായ്മ, പെരുമാറ്റദൂഷ്യം, ക്രമക്കേട്, സർവ്വകലാശാല നിർദ്ദേശങ്ങളുടെ ലംഘനം മുതലായവ കണ്ടെത്തിയാൽ സ്ഥിരമായോ നിശ്ചിത കാലത്തേക്കോ അയോഗ്യരാക്കാനോ പിഴ ചുമത്താനോ ഉള്ള അധികാരം സർവ്വകലാശാല യുടെ സിണ്ടിക്കേറ്റിൽ നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ